# പതിനാലാം കേരള നിയമസഭ
## (നാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2893  10.03.2017-ൽ മറുപടിയ്ക്ക്**

### <u>മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥിനികൾക്ക് സൗജന്യമായി സൈക്കിൾ</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.വി.എസ്.ശിവകുമാർ | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥിനികൾക്ക് സൗജന്യമായി സൈക്കിൾ നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യവികസനവും മാനവശേഷി വികസനവും എന്ന പദ്ധതിയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് സൗജന്യമായി സൈക്കിൾ നൽകുന്ന പദ്ധതിക്ക് ഭരണാനുമതിയും പദ്ധതി നടപ്പാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് നൽകിയിട്ടുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| ബി) ഏതൊക്കെ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്; | ബി) കൊല്ലം, ആലപ്പുഴ, എറണാകുളം, മലപ്പുറം ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| സി) ഓരോ ജില്ലയിലും ഗുണഭോക്താക്കളുടെ പരമാവധി എണ്ണം നിജപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്; | സി) ഓരോ ജില്ലയിലും 500 ഗുണഭോക്താക്കളെ വീതമാണ് തെരഞ്ഞെടുക്കുന്നത്. ഏതെങ്കിലും ജില്ലയിൽ അർഹരായ അപേക്ഷകരുടെ എണ്ണം കുറവുണെങ്കിൽ അപേക്ഷകൾ കൂടുതലുള്ള ജില്ലകളിലെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതാണ്. അന്തിമ അർഹതാ ലിസ്റ്റിൽ അപേക്ഷകരുടെ എണ്ണം 500 കവിഞ്ഞാൽ അപേക്ഷകരുടെ എണ്ണത്തിന് ആനുപാതികമായി സ്കൂൾ അടിസ്ഥാനത്തിൽ എണ്ണം തിട്ടപ്പെടുത്തി അത്രയും എണ്ണം ഗുണഭോക്താക്കളെ നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കുന്നതാണ്. |
| ഡി) പദ്ധതിയുടെ അടങ്കൽ എത്രയെന്നും ഇതിനായി കേന്ദ്രസഹായം ലഭ്യമാണോ എന്നും വ്യക്തമാക്കുമോ? | ഡി) പദ്ധതി അടങ്കൽ 100 ലക്ഷം രൂപയാണ്. പദ്ധതി നടപ്പാക്കുന്നതിനായി കേന്ദ്ര സഹായം ലഭിക്കുന്നില്ല. |

സെക്ഷൻ ആഫീസർ